മാവേലി സ്റ്റോറുകൾ

78 (124) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99, 1999-2000 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചു; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ കരകുളം പഞ്ചായത്തിൽ മാവേലി സ്റ്റോർ എന്നാണ് അനുവദിച്ചത്;

(സി) അടിസ്ഥാന സൗകര്യങ്ങൾക്കായി പഞ്ചായത്തിനെ എന്നാണറിയിച്ചത്;

(ഡി) അനുവദിച്ച മാവേലിസ്റ്റോർ ഇതുവരേയും തുറന്നുപ്രവർത്തിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് അടിയന്തിരമായും തുറന്നുപ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 125 മാവേലിസ്റ്റോറുകൾ അനുവദിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)&(സി) മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ നിയോജകമണ്ഡലത്തിൽ ഒന്നുവീതം അനുവദിക്കുക എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശം നൽകുകയുണ്ടായി. 1999 മാർച്ച് മാസംതന്നെ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

(ഡി) അനുയോജ്യമായ കെട്ടിടം ലഭിക്കാത്തതിനാലാണ് കരകുളം പഞ്ചായത്തിൽ അനുവദിച്ച മാവേലിസ്റ്റോർ പ്രവർത്തിക്കാൻ കാലതാമസം നേരിടുന്നത്.

(ഇ) അനുയോജ്യമായ കെട്ടിടം ലഭിക്കുന്നമുറയ്ക്ക് സ്റ്റോർ പ്രവർത്തനമാരഭിക്കുന്നതാണ്.

മാവേലി സ്റ്റോറുകൾ

79 (125) ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലിസ്റ്റോറുകൾ ഉണ്ട്;

(ബി) കൂടുതലായി എത്ര മാവേലിസ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) മാവേലിസ്റ്റോറുകളിൽക്കൂടി ഒരു വർഷം ശരാശരി എത്ര വിൽപ്പന നടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലി മെഡിക്കൽ സ്റ്റോറുകൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly